# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2123 — 18-12-2012-ൽ മറുപടിക്ക്

### വൈദ്യുത ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയും സർചാർജ്ജ് ചുമത്തുകയും ചെയ്തിട്ടുണ്ട് ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു പ്രാവശ്യം 2012 ജൂലൈ ഒന്നാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചു കൊണ്ടുത്തരവിറക്കിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മൂന്നു തവണ ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ തവണ വർദ്ധിപ്പിച്ച നിരക്കുകളും ചുമത്തിയ സർചാർജ്ജ് എത്രയെന്നും വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്ത് ജൂലൈ ഒന്നാം തീയതി മുതൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം- 1 ആയി ചേർത്തിരിക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് നടപ്പാക്കിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

| കാലയളവ് | |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് — ഇന്ധന സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിനു 25 പൈസ നിരക്കിൽ |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് — ഇന്ധന സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിനു 20 പൈസ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് — ഇന്ധന സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിനു 20 പൈസ നിരക്കിൽ |

(സി) വർദ്ധിപ്പിച്ച നിരക്കുകൾവഴി ഓരോ വർഷവും എത്ര രൂപയുടെ അധികവരുമാനം വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

(സി) താരിഫ് വർദ്ധനവു വഴി 2012-13 സാമ്പത്തിക വർഷത്തിൽ (2012 ജൂലൈ മുതൽ 2013 മാർച്ച് വരെ) ഏകദേശം 1170 കോടി രൂപ അധികവരുമാനമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജ് വഴി ബോർഡിനു ലഭിച്ച വരുമാനം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| കാലയളവ് | വരുമാനം (രൂപ കോടിയിൽ) |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | 138.64 |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | 136.64 |
| 2012 ഒക്ടോബർ | 21.48 |

കൂടാതെ 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതു വഴി ബോർഡിനു 149.71 കോടി രൂപ അധികവരുമാനമായി ലഭിച്ചിട്ടുണ്ട്. കമ്മീഷന്റെ 2012 ഡിസംബർ 12.- ാം തീയതിയിലെ ഉത്തരവിൻ പ്രകാരം 2012 ഡിസംബർ 15 - ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്ന വൈദ്യുതി നിയന്ത്രണത്തിലൂടെ ലഭ്യമായേക്കാവുന്ന അധികവരുമാനം എത്രയെന്ന് കണക്കാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്